**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1888 05.10.2016-ൽ മറുപടിയ്ക്ക്

**കലാകാരന്മാർക്കെതിരെയുള്ള ആക്രമണങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. മുകേഷ്<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ് | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| (എ) സാഹിത്യ സൃഷ്ടിയോ കലാസൃഷ്ടിയോ നടത്തുന്നതിന്റെ പേരിൽ കലാകാരന്മാർക്കെതിരെ വിവധ മതതീവ്രവാദ സംഘടനകളിൽ നിന്നുള്ള ആക്രമണം വർദ്ധിച്ച് വരുന്നുണ്ടോ; എങ്കിൽ ആയത് ഗൗരവത്തിലെടുത്തിട്ടുണ്ടോ; | (എ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച പരാതികൾ ഉയർന്നു വരുന്ന മുറയ്ക്ക് ഫലപ്രദമായ ഇടപെടൽ നടത്തുന്നതാണ്. |
| (ബി) ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരായ മതമൗലികവാദികളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ നിയമപരമായും ജനകീയമായും എന്തു നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ; | (ബി) കലാകാരന്മാർക്കും പൊതുജനങ്ങൾക്കിടയിലുള്ള സഹകരണവും ആശയവിനിമയവും മെച്ചപ്പെടുത്തുന്ന തരത്തിൽ സാംസ്കാരിക സ്ഥാപനങ്ങളെ വാർത്തെടുക്കുന്നതിനുള്ള ശ്രമം ഈ സർക്കാർ തുടർന്നു വരികയാണ്. കലാകാരന്മാരുടേയും സാഹിത്യകാരന്മാരുടേയും സൃഷ്ടിപരമായ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുംവിധം മത തീവ്രവാദത്തിനെതിരായി ശക്തമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. ഇത്തരത്തിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരായ മത മൗലികവാദികളുടെ ആക്രമണത്തെ ഒരു പരിധിവരെ പ്രതിരോധിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇത്തരം സംഭവങ്ങളുടെ ആവർത്തന സ്വഭാവം കണക്കിലെടുത്ത് കർക്കശമായ നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |
| (സി) ഇത്തരം സംഭവങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ശക്തമായ അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം നടപ്പിലാക്കാൻ നടപടിയെടുക്കുമോ? | (സി) ഇത്തരം സംഭവങ്ങളുടെ ആവർത്തന സ്വഭാവം കണക്കിലെടുത്ത് നിയമം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**